بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 07/08/2015

## (21 SHAWWAL 1436 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ്, തഅവ്വദ്, സൂറ അൽഫാത്തിഹ ഓതിയശേഷം ഹസ്രത് മുഹ്‌യിദ്ദീൻ ഖലീഫത്തുല്ലാഹ് പറഞ്ഞു.

## FINANCE MANAGEMENT / ധന വിനിയോഗം

പണം സമ്പാദിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. പ്രത്യേകിച്ച് നിയമാനുസൃതം പണം സമ്പാദിക്കുക എന്നത് ! തീർച്ചയായും പണം നേടുക എന്നത് വളരെ ശ്രമകരമായ ജോലി തന്നെയാണ്. നാം സാധാരണ കേൾക്കുന്ന ഒരു പ്രയോഗമാണ് **"ഒരുവൻ തന്റെ ആഹാരം നേടുന്നതിന് കഠിനമായി അദ്ധ്വാനിക്കേണ്ടതുണ്ട്"** അല്ലാഹു, ആകാശങ്ങളുടെയും ഭൂമിയുടെയും സ്യഷ്ടാവ്, തന്റെ അനുഗ്രഹീത ഗ്രന്ഥത്തിൽ നമ്മോട് കൽപ്പിച്ചിരിക്കുന്നു. **" അവനത്രെ ഭൂമിയെ നിങ്ങൾക്ക് കീഴ്പ്പെടുത്തിയവൻ. അതുകൊണ്ട് അതിന്റെ വഴികളിൽ കൂടി നിങ്ങൾ സഞ്ചരിക്കുകയും അവൻ നൽകിയ വിഭവങ്ങളിൽ നിന്ന് ഭക്ഷിക്കുകയും ചെയ്തു കൊള്ളുക. അവനിലേക്ക് തന്നെയാണ് നിങ്ങളുടെ ഉയിർത്തെഴുന്നേൽപ്പ്." (67:16)**

അല്ലാഹു അനേകം അനുഗ്രഹങ്ങളുടെ ദാതാവാണ് ! ആകാശത്തിലും ഭൂമിയിലും ഉള്ളതെല്ലാം അവന്റേതുമാത്രമാണ്. ആയതിനാൽ മനുഷ്യൻ മനസ്സിലാക്കണം, തന്റെ എല്ലാ പ്രവർത്തനങ്ങളും ചെയ്യുന്നവൻ അവൻ തന്നെയാണെങ്കിലും, തന്റെ കയ്യിലുള്ളതെല്ലാം യഥാർത്ഥത്തിൽ അല്ലാഹുവിന്റേതാണ്. എല്ലാ കാര്യത്തിന്റെ മേലും അല്ലാഹു അധികാരമുള്ളവൻ തന്നെയാണ്. അവനും അവൻ ഉടമസ്ഥപ്പെടുത്തിയിരിക്കുന്നതും അല്ലാഹുവിന്റേതാണ്. മനുഷ്യന്റെ കയ്യിലുള്ള ധനത്തിന്റെ / വസ്തുവിന്റെ യഥാർത്ഥ ഉടമസ്ഥൻ അവനല്ല മറിച്ച് അല്ലാഹുവാണ്. ഈ വസ്തുത അല്ലാഹു തന്റെ മഹത്വപൂർണ്ണമായ ഗ്രന്ഥത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നു. **" അല്ലാഹു നിങ്ങൾക്ക് നൽകിയ ധനത്തിൽ നിന്ന് നിങ്ങൾ അവർക്ക് (ദാനമായി) നൽകുകയും ചെയ്യുക" (24:34)** കാര്യം ഇങ്ങനെയാണെങ്കിൽ മനുഷ്യൻ തന്റെ ധനം എങ്ങനെ ചിലവഴിക്കണമെന്ന് വളരെ ജാഗ്രതയുള്ളവനായിരിക്കണം. ഇത് സംബന്ധമായി ഏറ്റവും നല്ല മാർഗ്ഗദർശനം മനുഷ്യകുലത്തിന് ഏറ്റവും നല്ല വഴികാട്ടിയായ വിശുദ്ധ ഖുർ ആൻ നൽകുന്നത് കാണുക. **"ചെലവഴിക്കുമ്പോൾ അമിതമാക്കുകയോ, ലുബ്ധ് കാണിക്കുകയോ ചെയ്യാത്തവരുമാണവർ. അത് (അവരുടെ ചെലവഴിക്കൽ) അവ രണ്ടിനുമിടയിൽ മിതമായതായിരിക്കും."** (25:68) ഒരു വിശ്വാസി അമിതമായി ചെലവഴിക്കുന്നവനായിരിക്കരുത്, അതോടൊപ്പം അവൻ ലുബ്ധിലും അകപ്പെടരുത്. ഇവ രണ്ടിനുമിടയിലുള്ള ഒരു സമീപനം കൈക്കൊള്ളേണ്ടതാണ്.

ധനം, സംശയലേശമന്യേ, ഒരു വലിയ പരീക്ഷണമാണ്; അഥവാ ഒരു വലിയ പ്രലോഭന വസ്തുവാണ്. ഒരു വ്യക്തി തനിക്ക് പണം കുന്നുകൂടുമ്പോൾ, അവൻ ആവശ്യമില്ലാത്ത ചിലവുകൾ നടത്തുവാൻ പ്രേരിതനാകുന്നു. ഉദാഹരണത്തിന് ഒരാൾ തനിക്ക് ഇഷ്ടമുള്ളത്, അവൻ വാങ്ങുന്നു. അവന് ഇഷ്ടമുള്ളപ്പോൾ! എന്നാൽ താൻ ഈ ചിലവഴിക്കുന്നതിലൂടെ നേടുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് ചിന്തിക്കുന്നതേയില്ല. ചിലപ്പോൾ അവൻ അസാന്മാർഗ്ഗിക വഴികളിലൂടെ ധനം പലമടങ്ങ് വർദ്ധിപ്പിക്കുവാനുള്ള വഴികൾ തേടുന്നു. അല്ലെങ്കിൽ വാതു വെപ്പിലും മറ്റും പങ്കു ചേർന്ന് തന്റെ ധനം നഷ്ടപ്പെടാൻ കാരണമാകുന്നു. ഇഹലോകത്തും, നാളെ പരലോകത്തും തനിക്ക് വരാൻ പോകുന്ന നഷ്ടത്തെക്കുറിച്ചവൻ ചിന്തിക്കുന്നതേയില്ല. അല്ലെങ്കിൽ ഈ ധനം യാതൊരു പ്രയോജനവും ഇല്ലാത്ത കാര്യങ്ങൾക്ക് വിനിയോഗിക്കുന്നു; ഉദാഹരണത്തിന് മദ്യാപാനം, സിഗരറ്റ്, സിനിമാ കൂത്തുകൾ തുടങ്ങിയവയ്ക്ക് ! ചിലപ്പോൾ അവന്റെ ധനം അവനെ നിന്ദ്യമാം വിധം പിശുക്കുള്ളവനാക്കിത്തീർക്കുന്നു. തന്റെ ധനം മറ്റുള്ളവരുമായി പങ്കുവെയ്ക്കുവാൻ അവൻ

ഇഷ്ടപ്പെടുന്നില്ല. അഥവാ ഈ ധനത്തിൽ നിന്ന് പാപങ്ങൾക്ക് ആശ്വാസം പകരുന്നില്ല; അഥവാ ഒരു പള്ളി നിർമ്മിക്കുവാൻ സംഭാവന ചെയ്യുന്നില്ല; അഥവാ ജമാഅത്തിന്റെ പദ്ധതികൾക്കൊന്നും ചിലവഴിക്കുന്നില്ല. അഥവാ; അനാഥരെ സംരക്ഷിക്കുവാനായി ഭവന നിർമ്മാണത്തിനായി ചിലവഴിക്കുന്നില്ല. ഈ നിലയിൽ ചില വഴിച്ചാൽ തന്റെ ധനം കുറഞ്ഞു പോകുമെന്ന് അവൻ ഭയപ്പെടുന്നു. കൂടുതൽ അത്ഭുതം ഉളവാക്കുന്നത്, തന്റെ ഭാര്യക്കും, കുട്ടികൾക്കും, പിതാവിനും മാതാവിനും, സഹോദരീ സഹോദരന്മാർക്കും അവരുടെ അവ കാശങ്ങൾ വകവെച്ച് കൊടുക്കുന്നില്ല! പ്രവാചക പ്രഭു (സ) യുടെ അത്ഭുത വചനം അവർ അറിഞ്ഞിരുന്നു വെങ്കിൽ... പ്രവാചകൻ (സ) പറഞ്ഞു. **“അല്ലാഹുവിന്റെ വഴിയിൽ ഒരു ദീനാർ നിങ്ങൾ ചിലവഴിക്കുകയാണെ ങ്കിൽ, അഥവാ അടിമയെ മോചിപ്പിക്കുന്നതിന് ചിലവഴിക്കുകയാണെങ്കിൽ, ആവശ്യക്കാരന് ദാനമായി നൽകുക യാണെങ്കിൽ അഥവാ തന്റെ കുടുംബ സംരക്ഷണത്തിനായി നൽകുകയാണെങ്കിൽ (എല്ലാം നല്ലതു തന്നെ) എന്നാൽ തന്റെ കുടുംബത്തിന് നൽകുന്നതാണ് അവന് ഏറ്റവും വലിയ പ്രതിഫലം ലഭ്യമാകുന്നത്” (മുസ്‌ലീം)**

ഇതിൽ നിന്നും വ്യക്തമാകുന്ന കാര്യം ഒരു വിശ്വാസി തന്റെ ധനവിനിയോഗ കാര്യത്തിൽ ശ്രദ്ധാലുവാ യിരിക്കണം ; അവന് ധാരാളമായി നൽകിയിരിക്കുന്ന ധനത്തിൽ നിന്ന് തന്റെ അടുത്ത കുടുംബാംഗങ്ങളെ അകറ്റി നിർത്തരുത്! ഏറ്റവും നല്ല ഔദാര്യം കുടുംബത്തിൽ നിന്നാണ് ആരംഭിക്കേണ്ടത്; എങ്ങനെയാണ് ചിലവഴിക്കേണ്ടതെന്ന് അവൻ മനസ്സിലാക്കിയിരിക്കണം; എപ്പോഴാണ് ചിലവഴിക്കേണ്ടതെന്നും മനസ്സിലാ ക്കണം; എന്തിനുവേണ്ടിയാണ് ചിലവഴിക്കേണ്ടതെന്നും മനസ്സിലാക്കിയിരിക്കണം. തന്റെ ജീവിതാവസാന സമയത്ത് താൻ നേരിടേണ്ടി വരുന്ന പ്രയാസ സമയങ്ങളിൽ ചിലവഴിക്കേണ്ടതിന്, കുറേ ധനം സുരക്ഷിത മാക്കി വയ്ക്കുകയും ചെയ്യേണ്ടത് എങ്ങനെയാണെന്നും അവൻ മനസ്സിലാക്കിയിരിക്കേണ്ടതാണ്. കാരണം ജീവിതത്തിൽ ഉയർച്ചയും താഴ്ച്ചയും സംഭവിക്കാവുന്നതാണ്. തന്റെ ധനം കൈകാര്യം ചെയ്യുമ്പോൾ അഥവാ തനിക്കുള്ള അൽപ ധനം വേണ്ടതു പോലെ വിനിയോഗിക്കുമ്പോൾ, അല്ലാഹു (ത) തന്റെ പ്രവാചകന്മാർക്ക് നൽകിയ സമ്മാനത്തിന്റെ അനന്തരാവകാശികളായി തീരുകയാണ് ചെയ്യുന്നത്.

അബ്ദുല്ലാഹ് ഇബ്ന് സർജാസ് (റ) വിവരിക്കുന്നു. പ്രവാചകർ (സ) പറഞ്ഞു. **“ നല്ല നിലയിൽ ഒരു കാര്യം ചെയ്യുമ്പോൾ, ഗാഢമായ പര്യാലോചനയിലൂടെ അത് നിർവ്വഹിക്കുമ്പോൾ, സൗമ്യതയോടെ പൂർത്തീകരി ക്കുമ്പോൾ പ്രവാചകത്വത്തിന്റെ ഇരുപത്തിനാല് ശതമാനം ആയി എന്നു ധരിക്കുക.” (തിർമിതി)**

മറ്റൊരു പ്രവാചക വചനത്തിൽ റസൂൽ കരീം (സ) പറഞ്ഞു. **“ നല്ല നിലയിലുള്ള ഒരു പ്രവർത്തി, നല്ല നിലയിൽ തന്നെ നിർവ്വഹിക്കുമ്പോൾ, പര്യാലോചനയിലൂടെ അതു പൂർത്തീകരിക്കുമ്പോൾ പ്രവാചകത്വ ത്തിന്റെ ഇരുപത്തഞ്ചു ശതമാനം ആയി. ”(അബൂദാവൂദ്)**

നമ്മുടെ ധനം നല്ല നിലയിൽ കൈകാര്യം ചെയ്യുവാനുള്ള കഴിവ് അല്ലാഹു നമുക്ക് പ്രദാനം ചെയ്യട്ടെ! അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുവാൻ യാതൊരു വൈ മനസ്യവും ഉണ്ടാകാതിരിക്കട്ടെ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്ന ധനം ഒരിക്കലും വ്യഥാവിലാകുകയില്ല. നമ്മുടെ പ്രവർത്തനങ്ങൾക്കുള്ള പ്രതി ഫലം നാം കൊയ്തെടുക്കുന്നത് തന്നെയാണ്. അല്ലാഹു തെരഞ്ഞെടുക്കുന്നവരുടെ അവിഭാജ്യഘടകം തന്നെ യാണ് ധനം കൈകാര്യം ചെയ്യൽ. ഇന്ന്, ദൈവീക ദൃഷ്ടാന്തത്തോടൊപ്പം, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, അല്ലാഹു (ത) തെരഞ്ഞെടുത്ത ആളുകളാണ് നാം എന്ന് പ്രഖ്യാപിക്കുമ്പോൾ, അത് നമ്മുടെ ഉദ്ദേശ്യങ്ങളിലും, പ്രവർത്തനങ്ങളിലും, നിഷ്കളങ്ക ഹൃദയത്തോടെ അല്ലാഹുവിന്റെ തൃപ്തിക്കായി, അത് പ്രതിഫലിക്കണം എന്ന് മറന്ന് പോകരുത് ! ഇൻശാ അല്ലാഹ് ആമീൻ !

**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*